**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2885** **10-03-2025 - ൽ മറുപടിയ്ക്ക്**

**ജനവാസമേഖലകളിലോ, റോഡുകളിലോ അപകടകരമായി എത്തപ്പെടുന്ന വന്യമൃഗങ്ങളെ സംബന്ധിച്ച് അറിയിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ജനവാസമേഖലകളിലോ, റോഡുകളിലോ അപകടകരമായി എത്തപ്പെടുന്ന വന്യമൃഗങ്ങളെ സംബന്ധിച്ച് പ്രദേശവാസികൾക്കും വഴിയാത്രക്കാർക്കും വനപാലകർക്കും അറിയിപ്പ് നൽകുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പ വരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | മനുഷ്യ-വന്യമൃഗ സംഘർഷ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വനം വകുപ്പ് ജീവനക്കാർ പകലും രാത്രിയും പട്രോളിംഗും, പരിശോധനയും ശക്തമാക്കിയിട്ടുണ്ട്.<br><br>വനം ആസ്ഥാനത്ത് കൺട്രോൾ റൂം പ്രവർത്തനം (SFEOC: State Forest Emergency Operations Centre) ആരംഭിക്കുകയും ഇതേ മാതൃകയിൽ ഡിവിഷൻ തലത്തിൽ 36 കൺട്രോൾ റൂമുകൾ (DFEOC: Divisional Forest Emergency Operations Centre) രൂപീകരിക്കുകയും ചെയ്തു. ടി കൺട്രോൾ റൂമുകൾ മുഖാന്തിരം കൃത്യമായി അതാതു ദിവസങ്ങളിലെ മനുഷ്യ-വന്യമൃഗ സംഘർഷ സംബന്ധമായ വിവരങ്ങൾ ശേഖരിക്കുകയും, സംഘർഷ നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തുവരുന്നു. വനം വകുപ്പിന്റെ SFEOC, DFEOC എന്നിവയെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ SEOC, DEOC എന്നിവയുമായി ബന്ധിപ്പിച്ചിട്ടുണ്ട്.<br><br>വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 RRT കൾ അടക്കം സംസ്ഥാനത്ത് ഉടനീളം 28 RRT കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.റ്റി.കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.<br><br>മനുഷ്യ-വന്യമൃഗ സംഘർഷ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സമയാസമയം ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പുകൾ തുടങ്ങിയിട്ടുണ്ട്. ഇത്തരത്തിൽ ഇരുപതിനാ- |

| | | | |
|---|---|---|---|
| | | | യിരത്തോളം അംഗങ്ങളുള്ള നാന്നൂറിലധികം വാട്ട്സാപ്പ് ഗ്രൂപ്പുകളുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനി-ധികൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തി വരുന്നു.<br><br>ജനവാസ മേഖലയോടു ചേർന്നുള്ള വനപ്രദേശങ്ങ-ളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗ-പ്പെടുത്തിവരുന്നു.<br><br>ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാ-ക്കുന്നതിലേക്കായി ഏർളി വാർണിംഗ് സിസ്റ്റം, എസ്.എം.എസ് അലർട്ട് സിസ്റ്റം, തുടങ്ങിയ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് വരുന്നു.<br><br>ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലക-ളിലും വനത്തിനുള്ളിലൂടെ കടന്നു പോകുന്ന റോഡുക-ളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ ഉൾപ്പെടെയുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുള്ളതാണ്. |
| (ബി) | മനുഷ്യ-വന്യമൃഗ സംഘർഷം നേരിടുന്നതിന് വെറ്ററിനറി ഡോക്ടർമാരുടെ അപര്യാപ്തത നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (ബി) | വനം വകുപ്പിൽ നിലവിൽ ഒരു ചീഫ് ഫോറസ്റ്റ് വെറ്ററി-നറി ഓഫീസർ, ഒരു ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, 15 അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ എന്നീ അന്യത്ര സേവന തസ്തികകളാണുള്ളത്. മൃഗസംരക്ഷണ വകുപ്പിൽ നിന്നും സന്നദ്ധരായിട്ടുള്ള വെറ്ററിനറി സർജന്മാരേയാണ് അന്യത്ര സേവന വ്യവസ്ഥയിൽ ഈ തസ്തികകളിലേക്ക് നിയമനം നടത്തുന്നത്. നിലവിൽ ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, നാല് അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർമാർ എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്ക- |

| | | | |
|---|---|---|---|
| | | | കയാണ്. നിലവിലെ ഒഴിവുകളിൽ സന്നദ്ധരായിട്ടുള്ള വെറ്ററിനറി സർജന്മാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നത് ഉൾപ്പെടെ വനം വകുപ്പിന് കീഴിലുള്ള വൈൽഡ് ലൈഫ് വെറ്ററിനറി യൂണിറ്റുകൾ ശക്തി-പ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ് |

സെക്ഷൻ ഓഫീസർ